**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3824** **17-03-2025 - ൽ മറുപടിയ്ക്ക്**

**പ്രമോഷൻ/ബൈ ട്രാൻസ്ഫർ പ്രമോഷൻ തസ്തികകളിലെ നിരീക്ഷണകാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ, കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട സീനിയർ ക്ലർക്ക്/ഹെഡ് ക്ലർക്ക് തസ്തികകളിൽ നിന്നും പ്രമോഷൻ മുഖാന്തരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമിതരാകുന്ന ജീവനക്കാർക്കും അതത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് ജൂനിയർ സൂപ്രണ്ടിന്റെ സമാന ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലേയ്ക്ക് (ഈ സമാന ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ പ്രമോഷൻ കൂടാതെ, അതത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് പി.എസ്.സി മുഖാന്തരമുള്ള നേരിട്ടുള്ള നിയമനം കൂടി ഒരു നിയമന രീതിയായി പറഞ്ഞിട്ടുള്ള സംഗതികളിൽ) ബൈ ട്രാൻസ്ഫർ പ്രമോഷൻ മുഖാന്തരം നിയമിതരാകുന്ന ജീവനക്കാർക്കും നിരീക്ഷണ കാലയളവ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; | (എ) | ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മേൽപ്പറഞ്ഞ സംഗതിയിൽ പ്രമോഷൻ മുഖാന്തരവും ബൈ ട്രാൻസ്ഫർ പ്രമോഷൻ മുഖാന്തരവും സ്ഥാനക്കയറ്റം ലഭിക്കുന്നവരെ (ഇവരുടെ നിരീക്ഷണകാലം സ. ഉ. (അച്ചടി) നമ്പർ. 17/2018/ ഉ.ഭ.പ.വ. തീയതി 17-12-2018 ഖണ്ഡിക 4 (i), (v) പ്രകാരം യഥാക്രമം ഒരു വർഷവും രണ്ട് വർഷവുമായി വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ) രണ്ട് തസ്തികകളും സമാനവും ഇന്റർ ചെയ്ഞ്ചബിളും ആകയാൽ, നിരീക്ഷണ കാലയളവിനുള്ളിൽ തന്നെ ഭരണപരമായ കാരണങ്ങളാൽ പരസ്പരം മാറ്റി നിയമിക്കപ്പെടുന്ന സാഹചര്യം ഉള്ളതിനാൽ ഇവരുടെ നിരീക്ഷണകാലം കണക്കാക്കുന്നത് എപ്രകാരമെന്ന് അറിയിക്കാമോ? | (ബി) | ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

സംഗ്രഹം

പബ്ലിക് സർവ്വീസസ്—സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലെയും വിവിധ നിയമനങ്ങൾ—പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 17/2018/ഉ.ഭ.പ.വ.**

**തിരുവനന്തപുരം, 2018 ഡിസംബർ 27.**

---

പരാമർശം:—(1) 6-5-1966-ലെ സ. ഉ. (എം. എസ്.) നമ്പർ 188/1966/പി.ഡി.

(2) 22-2-2006-ലെ സ. ഉ. (പി) നമ്പർ 5/2006/ഉ.ഭ.പ.വ.

(3) 25-6-2007-ലെ സ. ഉ. (പി) നമ്പർ 3/2007/ഉ.ഭ.പ.വ.

(4) 22-12-2010-ലെ സ. ഉ. (പി) നമ്പർ 42/2010/ഉ.ഭ.പ.വ.

(5) 19-3-2013-ലെ സ. ഉ. (പി) നമ്പർ 7/2013/ഉ.ഭ.പ.വ.

## ഉത്തരവ്

നേരിട്ടുള്ള നിയമനത്തിനും, ബൈട്രാൻസ്ഫർ നിയമനത്തിനും പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷവും, പ്രൊമോഷൻ മുഖേനയുള്ള നിയമനത്തിന് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷവുമായിരിക്കുമെന്ന് പരാമർശം (1) പ്രകാരം വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, പ്രൊമോഷന്റെ കാര്യത്തിൽ നിലവിലുള്ള പ്രൊബേഷൻ വ്യവസ്ഥ പരാമർശം (2) പ്രകാരം നേരിട്ടുള്ള നിയമനം ഒരു

GCPT. 3/106/2019/S-26.

നിയമനരീതിയല്ലാത്ത തസ്തികയിലെ ബൈട്രാൻസ്ഫർ നിയമനങ്ങൾക്കും കൂടി ബാധകമാക്കിക്കൊണ്ട് ഉത്തരവാകുകയും, തുടർന്ന് പരാമർശം (3) പ്രകാരം കെ. എസ്. ആന്റ് എസ്. എസ്. ആർ. ചട്ടം 28 (a)(iii) ആയി ഭേദഗതി വരുത്തുകയും ചെയ്തു.

2. 1-4-2010-നു ശേഷം സ്റ്റേറ്റ് സർവ്വീസിലെ സെലക്ഷൻ തസ്തികകളിലേക്ക് പ്രൊമോഷൻ മുഖേനയും, നേരിട്ടുള്ള നിയമനം ഒരു നിയമനരീതിയായി വ്യവസ്ഥ ചെയ്തിട്ടില്ലാത്ത തസ്തികകളിൽ ബൈട്രാൻസ്ഫർ മുഖേനയും നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിലെ ആറ് മാസക്കാലയളവായിരിക്കുമെന്ന് പരാമർശം (4) പ്രകാരം നിർദ്ദേശിക്കുകയും തദനുസൃതമായി കെ. എസ്. ആന്റ് എസ്. എസ്. ആർ. ഭാഗം-2 ചട്ടം 28 (a)(iii)-ന് താഴെയുള്ള പ്രൊവിസോയായി റൂളിൽ ഭേദഗതി വരുത്തുകയും ചെയ്തു.

3. എന്നാൽ, മേൽ പരാമർശിച്ച ഉത്തരവുകൾ തെറ്റായി വ്യാഖ്യാനിച്ചു കൊണ്ട് നേരിട്ടുള്ള നിയമനം നിയമനരീതിയായി നിർദ്ദേശിച്ചിട്ടുള്ള തസ്തികകളിലേക്കുള്ള പ്രൊമോഷനും പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷമായിരിക്കും എന്ന നിലപാട് പല നിയമനാധികാരികളും എടുക്കുന്ന കാര്യവും, സ്പെഷ്യൽ റൂളിൽ/എക്സിക്യൂട്ടീവ് ഉത്തരവിൽ പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവരുടെ അഭാവത്തിൽ സ്വീകരിക്കേണ്ട ബദൽ നിയമനരീതിയായി നേരിട്ടുള്ള നിയമനം നിർദ്ദേശിച്ചിട്ടുള്ള ഒരു തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് സംശയം നിലനിൽക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. മേൽസാഹചര്യത്തിൽ, സ്റ്റേറ്റ് സർവ്വീസിലെയും സബോർഡിനേറ്റ് സർവ്വീസിലേയും വിവിധ നിയമനങ്ങളിലെ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് ചുവടെ ചേർക്കുന്ന സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) നേരിട്ടുള്ള നിയമനം/പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള ബൈട്രാൻസ്ഫർ നിയമനം/നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയായി പറഞ്ഞിട്ടുള്ള തസ്തികകളിലേക്കുള്ള വകുപ്പുതല/ പി. എസ്. സി. ഇതര ബൈട്രാൻസ്ഫർ നിയമനം എന്നീ നിയമന രീതികളിലൂടെ നിയമിതരാകുന്നവരുടെ (സ്റ്റേറ്റ് സർവ്വീസും, സബോർഡിനേറ്റ് സർവ്വീസും ഉൾപ്പെടെ) പ്രൊബേഷൻ കാലയളവ് തുടർച്ചയായ മൂന്ന് വർഷ കാലയളവിനുള്ളിൽ രണ്ട് വർഷമായിരിക്കും.

(ii) നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയല്ലാത്ത സ്റ്റേറ്റ് സർവ്വീസിലെ സെലക്ഷൻ തസ്തികകളിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമിതരാകുന്നവരുടെ, പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറ് മാസകാലയളവായിരിക്കും.

(iii) നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയല്ലാത്ത സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയിലേക്ക് ബൈട്രാൻസ്ഫർ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷകാലയളവായിരിക്കും.

(iv) ഒരു തസ്തികയ്ക്ക് ഒന്നിലധികം നിയമനരീതികൾ വ്യവസ്ഥ ചെയ്തിരിക്കുകയും, സ്പെഷ്യൽ റൂൾ/എക്സിക്യൂട്ടീവ് ഉത്തരവ് പ്രകാരം നേരിട്ടുള്ള നിയമനത്തിനായി ഒരു നിശ്ചിത റേഷ്യോ/ശതമാനം നിഷ്കർഷിച്ചിരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മാത്രം നേരിട്ടുള്ള നിയമനം പ്രസ്തുത തസ്തികയിലേക്കുള്ള ഒരു നിയമനരീതിയായി കണക്കാക്കിയാൽ മതിയാവുന്നതാണ്. പ്രൊമോഷൻ/ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായവരുടെ അഭാവത്തിൽ സ്വീകരിക്കേണ്ട ബദൽ നിയമന രീതിയായി മാത്രം നേരിട്ടുള്ള നിയമനം നിർദ്ദേശിച്ചിരിക്കുന്ന ഒരു തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിന്റെ കാര്യത്തിൽ പ്രൊബേഷൻ കാലയളവ് സംബന്ധിച്ച് മേൽ ഖണ്ഡികകൾ (ii), (iii) പ്രകാരമുള്ള വ്യവസ്ഥകൾ ബാധകമായിരിക്കും.

(v) സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഉത്തരവുപ്രകാരം നേരിട്ടുള്ള നിയമനം ഒരു നിയമന രീതിയായി പറഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും സ്റ്റേറ്റ് സർവ്വീസിലെ സെലക്ഷൻ തസ്തികയിലേക്ക് പ്രൊമോഷൻ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ ആറുമാസവും സബോർഡിനേറ്റ് സർവ്വീസിലെ തസ്തികയിലേക്ക് പ്രൊമോഷൻ മുഖേന നിയമിതരാകുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ട് വർഷത്തിനുള്ളിൽ ഒരു വർഷവുമായിരിക്കും.

5. മുൻകാലങ്ങളിൽ മറ്റ് വിധത്തിൽ തീർപ്പാക്കപ്പെട്ട കേസുകൾ മേൽ പരാമർശിച്ച സ്പഷ്ടീകരണങ്ങളുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കേണ്ടതില്ല എന്നും വ്യക്തമാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ഗോപാലകൃഷ്ണ ഭട്ട്,
*സ്പെഷ്യൽ സെക്രട്ടറി.*

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

എല്ലാ വകുപ്പുമേധാവികൾക്കും.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

എല്ലാ സർവ്വകലാശാല രജിസ്ട്രാർമാർക്കും.

ഓഫീസ് കോപ്പി/കരുതൽ ഫയൽ.